പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3320 19.10.2016-ൽ മറുപടിയ്ക്ക്

## ശുദ്ധജലവിതരണ സംവിധാനമില്ലാത്ത ആദിവാസി ഊരുകൾ

ചോദ്യം

ശ്രീ.റോഷി അഗസ്റ്റിൻ
ശ്രീ. മോൻസ് ജോസഫ്
ശ്രീ. സി.എഫ്.തോമസ്
ഡോ.എൻ. ജയരാജ്

മറുപടി

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും
വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | സംസ്ഥാനത്ത് ആകെ എത്ര ആദിവാസി ഊരുകളാണ് ഉള്ളത്; പ്രസ്തുത ഊരുകളിൽ ശുദ്ധജലവിതരണ സംവിധാനം ഉള്ളത് എത്ര ഊരുകളിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) | പട്ടികവർഗ്ഗ കോളനികളെ സംബന്ധിച്ച് 2008-ലെ സോഷ്യോ ഇക്കണോമിക് സർവ്വെ പ്രകാരം സംസ്ഥാനത്ത് 4762 പട്ടികവർഗ്ഗ കോളനികൾ ഉണ്ട്. ഇതിൽ 473 കോളനികൾക്കുള്ളിലും 2390 കോളനികൾക്ക് അരകിലോമീറ്റർ ചുറ്റളവിലും ശുദ്ധജലം ലഭ്യമാണ്. 1899 കോളനികളിൽ അകലെ നിന്നും ശുദ്ധജലം എത്തിയ്ക്കുന്നതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഭൂജലവകുപ്പ്, വാട്ടർ അതോറിറ്റി എന്നീ വകുപ്പുകൾ മുഖേന നിരവധി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) | ആദിവാസി ഊരുകളിൽ ശുദ്ധജലവിതരണ സംവിധാനം ഏർപ്പെടുത്തുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണ്; | ബി) | ആദിവാസി ഊരുകളിൽ കുടിവെള്ളം എത്തിക്കുക എന്നത് വകുപ്പിന്റെ പ്രഥമ പരിഗണനകളിൽ ഒന്നാണ്. ഇതിനായി കോർപ്പസ് ഫണ്ട്, ഭരണഘടനയുടെ ആർട്ടിക്കിൾ 275(1) എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി പരമാവധി കോളനികളിൽ കുടിവെള്ള പദ്ധതി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കി വരുന്നു. ജലനിധി ആവിഷ്കരിക്കുന്ന പദ്ധതികൾക്കുള്ള ഗുണഭോക്തൃ വിഹിതം പട്ടികവർഗ്ഗ വികസന വകുപ്പ് നൽകുന്നുണ്ട്. വാട്ടർ അതോറിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ സമർപ്പിയ്ക്കുന്ന പദ്ധതിയ്ക്ക് സാമ്പത്തികസഹായം അനുവദിച്ച് വരുന്നു. കൂടാതെ സമഗ്ര വികസന പദ്ധതിയായ ഹാംലെറ്റ് വികസന പദ്ധതി, എ.ടി.എസ്.പി എന്നീ പദ്ധതികളിലൂടെയും കുടിവെള്ള പദ്ധതി നടപ്പിലാക്കി വരുന്നു. |
| സി) | ശുദ്ധജലവിതരണ സംവിധാനം ഏർപ്പെടുത്താൻ അവശേഷിക്കുന്ന ആദിവാസി ഊരുകളിൽ സമയ ബന്ധിതമായി അവ ഏർപ്പെടുത്തുന്നതിന് നടപ്പുസാമ്പത്തിക വർഷം തന്നെ നടപടി സ്വീകരിക്കുമോ; ഈ ഇനത്തിൽ നീക്കിവച്ചിട്ടുള്ള തുകയെത്രയാണ് ; വ്യക്തമാക്കുമോ? | സി) | നടപടി സ്വീകരിച്ചു വരുന്നു. കോളനികളിൽ ശുദ്ധജലം എത്തിക്കുന്നതിന് പദ്ധതികളിൽ പ്രഥമ പരിഗണന നൽകണമെന്ന് എല്ലാ ജില്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകി പദ്ധതി നടപ്പിലാക്കി വരുന്നു. കോർപ്പസ് ഫണ്ട്, എ.ടി.എസ്.പി, ഹാംലെറ്റ് വികസന പദ്ധതി, ആർട്ടിക്കിൾ 275(1) എന്നീ ശീർഷകങ്ങളിൽ വകയിരുത്തിയ തുകയിൽ നിന്ന് ആവശ്യാനുസരണം വിനിയോഗിച്ച് കുടിവെള്ള പദ്ധതികൾ നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ